"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സ്വകാര്യ എയ്ഡഡ് കോളേജുകൾ - എയ്ഡഡ് കോളേജുകളിൽ നിയമിതരാകുന്ന ഉദ്യോഗാർത്ഥികൾക്ക് പോലീസ് വെരിഫിക്കേഷൻ നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉന്നത വിദ്യാഭ്യാസ ( ഡി) വകുപ്പ്**

G.O.(P)No.14/2023/HEDN തീയതി,തിരുവനന്തപുരം, 19-07-2023

പരാമർശം:- 1. സ.ഉ(അച്ചടി) നം 63/2021/ആഭ്യന്തരം തീയതി 30.9.2021.

2. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 04.03.2022, 22.03.2022, 31.12.2022 എന്നീ തീയതികളിലെ ഇ1/45639/2021/DCE നമ്പർ കത്തുകൾ

<u>ഉത്തരവ്</u>

കേരള സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ക്ഷേമനിധി ബോർഡുകൾ, വികസന അതോറിറ്റികൾ, സഹകരണ സ്ഥാപനങ്ങൾ, ദേവസ്വം ബോർഡുകൾ എന്നിവിടങ്ങളിൽ നിയമിതരാകുന്ന ഉദ്യോഗാർത്ഥികൾക്ക് സർക്കാർ സർവ്വീസിൽ നിഷ്കർഷിച്ചിട്ടുള്ളതുപോലെ പോലീസ് വെരിഫിക്കേഷൻ നിർബന്ധമാക്കിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. സംസ്ഥാനത്തെ സ്വകാര്യ എയ്ഡഡ് കോളെജുകളിൽ നിയമിതരാകുന്ന ഉദ്യോഗാർത്ഥികൾക്ക് പോലീസ് വെരിഫിക്കേഷൻ നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖ താഴെപ്പറയും പ്രകാരം അംഗീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

1. എയ്ഡഡ് കോളേജുകളിൽ മാനേജർ ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകുമ്പോൾ (സ്റ്റാറ്റ്യൂട്ട് പ്രകാരമുള്ള മാതൃകയിൽ) പരാമർശം (1)ൽ നിഷ്കർഷിക്കുന്ന പ്രകാരം നിയമനം **ഉദ്യോഗാർത്ഥിയുടെ സ്വഭാവ പൂർവ്വ ചരിത്ര പരിശോധനയ്ക്ക് വിധേയമായിരിക്കുമെന്നും പോലീസ്** പരിശോധന റിപ്പോർട്ട് പ്രതികൂലമാകുന്ന പക്ഷം **നിയമനം** റദ്ദ് **ചെയ്യുന്നതായിരിക്കും** എന്ന് നിയമന ഉത്തരവിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.

2. അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാർ മാനേജർ നൽകിയ നിയമന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജോലിയിൽ പ്രവേശിക്കുന്നതിനോടൊപ്പം സർക്കാർ നിഷ്കർഷിക്കുന്ന പ്രകാരമുള്ള നിശ്ചിത ഫോറം **(അനുബന്ധം 1)** ജീവനക്കാരൻ ജോലിയിൽ പ്രവേശിക്കുന്ന തീയതിയിൽ തന്നെ മാനേജർ പൂരിപ്പിച്ചുവാങ്ങേണ്ടതാണ്.

3. ജീവനക്കാരൻ ജോലിയിൽ പ്രവേശിക്കുന്ന ദിവസം തന്നെ മാനേജർ പോലീസ് വെരിഫിക്കേഷനായുള്ള രേഖകൾ ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവികൾക്ക് ഈ ഉത്തരവിന്റെ അനുബന്ധം-II ന്റെ മാതൃകയിൽ കൈമാറേണ്ടതാണ്. നിയമനം നടന്ന്

ഇരുപത് ദിവസത്തിനകം ജില്ലാ പോലീസ് മേധാവി പരിശോധന പൂർത്തിയാക്കി ഉദ്യോഗാർത്ഥിയെ സംബന്ധിക്കുന്ന വെരിഫിക്കേഷൻ റിപ്പോർട്ട് തൃപ്തികരമാണെങ്കിൽ മാനേജർമാർക്ക് (ഡെപ്യൂട്ടി ഡയറക്ടർക്കുള്ള പകർപ്പ് സഹിതം) നല്കേണ്ടതാണ്. എതെങ്കിലും സാഹചര്യത്തിൽ പൊലീസ് വെരിഫിക്കേഷൻ റിപ്പോർട്ട് ഇരുപത് ദിവസ കാലവധിക്കകം പൂർത്തിയാക്കുവാൻ സാധിക്കാത്ത പക്ഷം ടി വിവരം കോളെജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറെയും കോളേജ് മാനേജരേയും ജില്ല പോലീസ് മേധാവിയുടെ കാര്യാലയത്തിൽ നിന്നും അറിയിക്കേണ്ടതാണ്. കൂടാതെ വെരിഫിക്കേഷനായി അയച്ച രേഖകളിൽ ഒരു മാസത്തിനകം മറുപടി ലഭിക്കാത്ത പക്ഷം ടി വിവരം വ്യക്തമാക്കി കോളെജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ബന്ധപ്പെട്ട പോലീസ് അധികാരിക്ക് ഓർമ്മക്കുറിപ്പ് നല്കേണ്ടതുമാണ്.

4. പോലീസ് പരിശോധന റിപ്പോർട്ട് പ്രകാരം അദ്ധ്യാപകൻ/ജീവനക്കാരൻ എയ്ഡഡ് സർവ്വീസിന് അനുയോജ്യമാണെങ്കിൽ യണിവേഴ്സിറ്റി/കോളേജ് വിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും നിയമനാംഗീകാരം ലഭിച്ചശേഷം അദ്ധ്യാപകന്റെ/ജീവനക്കാരന്റെ നിയമനം ക്രമീകരിച്ചുകൊണ്ടുള്ള ഉത്തരവ് നിയമന അധികാരി പുറപ്പെടുവിക്കേണ്ടതും, പോലീസ് പരിശോധന റിപ്പോർട്ട് ഉൾപ്പെടെ ബന്ധപ്പെട്ട ജീവനക്കാരന്റെ സേവന പുസ്തകത്തിൽ പതിക്കേണ്ടതും, ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയ ശേഷം സർവ്വീസ് ബുക്ക് ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ നൽകി മേലൊപ്പ് വാങ്ങി സൂക്ഷിക്കേണ്ടതുമാണ്.

5. അതോടൊപ്പം പ്രൊബേഷൻ ആവശ്യമുള്ള തസ്തികകളിൽ പോലീസ് പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമനം ക്രമീകരിച്ച ഉത്തരവ് പ്രകാരമുള്ള രേഖപ്പെടുത്തലുകൾ വരുത്തി സേവന പുസ്തത്തിൽ ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടറുടെ മേലൊപ്പ് വാങ്ങിയ ശേഷം മാത്രമേ പ്രൊബേഷൻ പൂർത്തിയാക്കി ഉത്തരവ് പുറപ്പെടുവിക്കുവാൻപാടുള്ളൂ.

6. പോലീസ് പരിശോധന റിപ്പോർട്ട് പ്രകാരം ജീവനക്കാരൻ എയ്ഡഡ് കോളേജ് സർവ്വീസിന് അനുയോജ്യനല്ലെങ്കിൽ, ടി വിവരം പോലീസിലെ ഇന്റലിജൻസ് വിഭാഗത്തിലെ അഡീഷണൽ ഡയറക്ടർ ജനറൽ മുഖാന്തിരം ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ഗവൺമെന്റ് സെക്രട്ടറിക്ക് അയച്ചുകൊടുക്കേണ്ടതാണ്. തുടർന്ന് സർക്കാരിൽ നിന്നും നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് സർവ്വീസിന് അനുയോജ്യനല്ലാത്ത ഉദ്യോഗാർത്ഥിയുടെ നിയമനം റദ്ദ് ചെയ്തുകൊണ്ടുള്ള നടപടി നിയമന അധികാരി സ്വീകരിക്കേണ്ടതും പ്രസ്തുത നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് ഡെപ്യൂട്ടി ഡയറക്ടർ ഉറപ്പുവരുത്തേണ്ടതുമാണ്. ശേഷം വിവരം ഡയറക്ടറുടെ കാര്യാലയത്തിൽ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

7. അദ്ധ്യാപകരുടെ നിയമനത്തിൽ യൂണിവേഴ്സിറ്റിയിൽ നിന്നും, അനദ്ധ്യാപകരുടെ നിയമനത്തിൽ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും അംഗീകാരം ലഭിച്ചതിനു ശേഷം മാത്രമേ പോലീസ് വെരിഫിക്കേഷന്റെ അടിസ്ഥാനത്തിൽ നിയമനം ക്രമീകരിക്കാൻ പാടുള്ളൂ. പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരം ഒരു വ്യക്തി അനുയോജ്യനാണെന്ന് കാണുന്നുവെന്നതുകൊണ്ട് മാത്രം ഒരു ജീവനക്കാരന് നിയമനാംഗീകാരത്തിനുള്ള അവകാശവാദം ഉന്നയിക്കാൻ കഴിയില്ല. സർക്കാർ നിയോഗിച്ച നോമിനി പങ്കെടുത്ത സെലക്ഷൻ കമ്മിറ്റി നടത്തിയ സെലക്ഷൻ പ്രക്രിയ മുഖാന്തിരം തെരഞ്ഞെടുത്ത വ്യക്തിക്ക് നിയമനത്തിനായി നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയും, മതിയായ വർക്ക് ലോഡും, അംഗീകൃത തസ്തികയും നിലവിലുണ്ടെങ്കിൽ

മാത്രമേ പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരം അനുയോജ്യനായ വ്യക്തിക്ക് നിയമനാംഗീകാരത്തിന് അർഹതയുള്ളു.

8. കൂടാതെ പ്രൊബേഷൻ ആവശ്യമില്ലാത്ത തസ്തികയിൽ നിയമിതരാകുന്ന ജീവനക്കാർക്ക് പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരം ജീവനക്കാരൻ എയ്ഡഡ് കോളേജ് സർവ്വീസിന് അനുയോജ്യനാണെങ്കിൽ മാത്രമേ നിയമനാംഗീകാരം നല്കുവാൻ പാടുള്ളു. ഇത്തരത്തിലുള്ള ജീവനക്കാർ പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരം എയ്ഡഡ് കോളേജ് സർവ്വീസിന് അനുയോജ്യനാണെങ്കിൽ മാത്രമേ സ്ഥാനകയറ്റവും നല്കുവാൻ പാടുള്ളു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
HARI KUMAR G
ADDITIONAL SECRETARY

പകർപ്പ് :

1) സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം

2) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

3) കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം/കോട്ടയം/എറണാകുളം/തൃശ്ശൂർ /കോഴിക്കോട് (ഈ ഉത്തരവിന്റെ പകർപ്പ് എല്ലാ എയ്ഡഡ് കോളെജ് മാനേജർമാർക്കും നല്കേണ്ടതാണ്)

4) രജിസ്ട്രാർ, കേരള/എം.ജി/കാലിക്കറ്റ്/കണ്ണൂർ സർവകലാശാല **(പൊലീസ് വെരിഫിക്കേഷൻ സംബന്ധിച്ച ഉത്തരവുകൾ സ്റ്റാട്യൂട്ടുകളിൽ അടിയന്തിരമായി ഉൾക്കൊള്ളിച്ച് ഭേദഗതി വരുത്തുന്നതിലേക്കായി)**

5) പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ &ഇ/ആഡിറ്റ്) തിരുവനന്തപുരം

6) അഭ്യന്തര വകുപ്പ് (3.8.2022ലെ യു.ഒ (എഫ്) HOME-SSB3/93/2022-HOME പ്രകാരം)

7) ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പ് **(പൊലീസ് വെരിഫിക്കേഷൻ സംബന്ധിച്ച ഉത്തരവുകൾ സ്റ്റാട്യൂട്ടുകളിൽ അടിയന്തിരമായി ഉൾക്കൊള്ളിച്ച് ഭേദഗതി വരുത്തുന്നതിലേക്കായി)**

7) എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും

8) www.highereducation.kerala.gov.in

9) കരുതൽ കോപ്പി/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Suryasree S
സെക്ഷൻ ഓഫീസർ
Date: 19-07-2023 11:45:17

**POLICE VERIFICATION FORM**

Annexure I

Form I

ബന്ധപ്പെട്ട നിയമന അധികാരി ഉദ്യോഗാർത്ഥിയെ ജോലിയിൽ പ്രവേശിക്കുന്നതിന് മുമ്പ് ഉദ്യോഗാർത്ഥിയിൽ നിന്നും സാക്ഷ്യപത്രഫോറം പൂരിപ്പിച്ച് വാങ്ങേണ്ടതാണ്

The appointing authority shall obtain the attestation form duly filled up by the candidate himself/herself, before permitting him/her to join duty

## മുന്നറിയിപ്പ്

സാക്ഷ്യപത്ര ഫോറത്തിൽ വ്യാജവിവരം നൽകുകയോ, വസ്തുത സംബന്ധിച്ച എതെങ്കിലും വിവരം മറച്ചു വയ്ക്കുകയോ ചെയ്യുന്നത് സർക്കാരിന് കീഴിലോ സർക്കാർ നിയന്ത്രണത്തിലുള്ള മറ്റു സ്ഥാപങ്ങളിലോ എയ്ഡഡ് സ്ഥാപനങ്ങളിലോ സേവനമനുഷ്ഠിക്കുന്നതിൽ നിന്നും ഉദ്യോഗാർത്ഥിയെ അയോഗ്യനാക്കുന്നതാണ്.

## WARNING

Furnishing of false information or suppression of any factual information in the attestation form will lead to disqualification of the candidate from employment under the Government or in any other institutions under the control of the Government or in Aided Institution.

2. സാക്ഷ്യപത്ര ഫോറം പൂരിപ്പിച്ച് സമർപ്പിച്ചതിനുശേഷം തടവിലാക്കപ്പെടുകയോ, ശിക്ഷിക്കപ്പെടുകയോ ചെയ്താൽ, അതു സംബന്ധിച്ച വിശദവിവരങ്ങൾ ബന്ധപ്പെട്ട നിയമന അധികാരിയേയോ കോളേജ് വിദ്യാഭ്യാസ ഡയറക്ടറെയോ, സർവ്വകലാശാലയേയോ ഉടനെ രേഖാമൂലം അറിയിക്കേണ്ടതാണ്. അപ്രകാരം ചെയ്യുന്നതിൽ വീഴ്ച വരുത്തിയാൽ വസ്തുത സംബന്ധിച്ച വിവരങ്ങൾ മറച്ചുവച്ചതായി കണക്കാക്കുന്നതാണ്.

If detained, conviented, debarred etc. subsequent to the submission of the filled up attestation form the details should e communicated immediately to the appointing authority Director of Collegiate Education and University concent failing which will be deemed to be suppression of factual information.

3. സാക്ഷ്യപത്ര ഫോറത്തില് വ്യാജവിവരങ്ങൾ നില്കിയിട്ടുണ്ടെന്നോ, വസ്തുത സംബന്ധിച്ച ഏതെങ്കിലും വിവരം മറച്ചുവച്ചിട്ടുണ്ടെന്നോ ഉള്ള വിവരം ഒരാളുടെ സേവനകാലത്തിനിടയിൽ എപ്പോഴെങ്കിലും വെളിപ്പെടുകയാണെങ്കിൽ അയാളുടെ സർവ്വീസ് അവസാനിക്കപ്പെടുവാൻ ഇടയാകുന്നതാണ്.

If the fact that any false information has been furnished or that there has been suppression of any factual information in the attestion form comes to notice at any time during the service of a person, his service would be liable to be terminated.

| | |
|---|---|
| 1. പൂർണ്ണമായ പേര്<br>Name in full (in block letters) | |
| 2. അച്ഛന്റെ/അമ്മയുടെ പേര്<br>Father's/Mother's Name | |
| 3. മതം, ജാതി, വർഗ്ഗം<br>Religion, Caste, Community | |
| 4. ജനന തീയതി<br>Date of birth | |
| 5. ജനന സ്ഥലം, ജില്ല, സംസ്ഥാനം<br>Place of birth, District, State | |
| 6. (എ) ഇപ്പോഴത്തെ പൂർണ്ണമായ മേൽവിലാസം (വീടിന്റെ നമ്പരും പേരും, തെരുവ്, പോസ്റ്റ് ഓഫീസ്, ജില്ല, സംസ്ഥാന മുതലായ വിവരങ്ങൾ കാണിച്ചിരിക്കണം)<br>(a) Present address (showing House No., Name, Lane/Street, Post Office, District, State)<br>(ബി) പോലീസ് സ്റ്റേഷന്റെ പേര്<br>(b) Name of the Police Station | |
| 7. (എ) സ്ഥിരമായ മേൽവിലാസം (വീടിന്റെ നമ്പരും പേരും, തെരുവ്, പോസ്റ്റ് ഓഫീസ്, ജില്ല, സംസ്ഥാനം മുതലായ വിവരങ്ങൾ കാണിച്ചിരിക്കണം)<br>(a) Permanent address of the candidate (showing House No., Name, Lane/Street, Post Office, District, State)<br>(ബി) പോലീസ് സ്റ്റേഷന്റെ പേര്<br>(b) Name of the Police Station | |
| 8. കഴിഞ്ഞ മൂന്നു വർഷക്കാലത്തിനകം ആറ് മാസത്തിൽ കൂടുതൽ മറ്റെവിടെയെങ്കിലും താമസിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ (താമസിച്ച കാലയളവ് സഹിതം)<br>Particulars of place where the candidate has resided elsewhere for more than six months at a time during the preceding three years (with periods of stay) | |

9. പത്താം ക്ലാസ് മുതൽക്കുള്ള വിദ്യാഭ്യാസ യോഗ്യതകളുടെ വിശദവിവരങ്ങൾ
Details of Educational Qualifications from 10th standard onwards

| സ്കൂളിന്റെ/കോളേജിന്റെ പേരും മേൽവിലാസവും<br>Name and address of School/College | പ്രവേശന തീയതി<br>Date of | വിട്ടുതൽ തീയതി<br>Date of leaving | ജയിച്ച പരീക്ഷ<br>Examination passed |
|---|---|---|---|
| | | | |

| | |
|---|---|
| | admission |
| 10. മുമ്പ് ജോലി നോക്കിയിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ<br><br>Details of previous employment, if any | |
| 11. (എ) സംസ്ഥാന സർക്കാരിന്റെയോ, കേന്ദ്ര സർക്കാരിന്റെയോ, അർദ്ധ സർക്കാർ സ്ഥാപനത്തിന്റെയോ, എയ്ഡഡ് സ്ഥാപനത്തിൽ നിന്നോ സർക്കാർ ഉടമസ്ഥതയിലുള്ള ഏതെങ്കിലും കമ്പനികളുടെയോ, കോർപ്പറേഷന്റെയോ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയോ സേവനത്തിൽ നിന്നും നിങ്ങളെ പിരിച്ച് വിടുകയോ അല്ലെങ്കിൽ ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിന് അയോഗ്യത കൽപ്പിക്കപ്പെടുകയോ ചെയ്തിട്ടുണ്ട് ?<br>(a) Have you ever been debarred from appointment or dismissed or removed from the service of State Government or Central Government or from any quasi Government Institution or from Aided Institutions or any Government owned company or Corporation or Local Self Government Institutions ?<br><br>(ബി) ഉത്തരം 'ഉണ്ട്' എന്നാണെങ്കിൽ വിശദവിവരം നൽകുക<br>(b) If the answer is 'Yes' give details | ഉണ്ട്/ഇല്ല<br><br>Yes/No |
| 12. (എ) സർക്കാർ സർവ്വീസിൽ/കോർപ്പറേഷനിൽ സർക്കാർ ഉടമസ്ഥതയിലുള്ള ഏതെങ്കിലും കമ്പനികളിൽ/ബോർഡുകളിൽ, എയ്ഡഡ് സ്ഥാപനത്തിൽ ജോലിയിൽ ഇരിക്കുമ്പോൾ പ്രസ്തുത വകുപ്പ് അധികൃതരെ അറിയിക്കാതെ നിങ്ങൾ ജോലി ഉപേക്ഷിച്ച് പോയിട്ടുണ്ടോ ?<br>(a) Have you ever deserted any post while in service of any Government or Corporation or Government owned Companies, Board or in any Aided Institutions | ഉണ്ട്/ഇല്ല<br><br>Yes/No |

| | |
|---|---|
| (ബി) ഉത്തരം ഉണ്ട് എന്നാണെങ്കിൽ വിശദവിവരം നൽകുക<br>(b) If the answer is 'Yes' give details | |
| 13. (എ) വിദ്യാഭ്യാസ വകുപ്പോ ഏതെങ്കിലും സർവ്വകലാശാലയോ നിങ്ങളെ എപ്പോഴെങ്കിലും പൊതു പരീക്ഷയ്ക്ക് ഹാജരാകുന്നതിൽ നിന്നും വിലക്കിയിട്ടുണ്ടോ ?<br>(a) Have you ever been debarred from appearing for public Examination by Department of Education or any University<br><br>(ബി) ഉത്തരം 'ഉണ്ട്' എന്നാണെങ്കിൽ വിശദവിവരം നൽകുക<br>(b) If the answer is 'Yes' give details | ഉണ്ട്/ഇല്ല<br><br>Yes/No |
| 14. (എ) കേന്ദ്ര/സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷൻ നിങ്ങളെ എപ്പോഴെങ്കിലും വിലക്കിയിട്ടുണ്ടോ?<br>(a) Have you ever been debarred by the Union/State Public Service Commission<br>(ബി) ഉത്തരം 'ഉണ്ട്' എന്നാണെങ്കിൽ വിശദവിവരം നൽകുക<br>(b) If the answer is 'Yes' give details | ഉണ്ട്/ഇല്ല<br><br>Yes/No |
| 15. (എ) ഏതെങ്കിലും കോടതി എന്തെങ്കിലും കുറ്റത്തിന് നിങ്ങളെ ശിക്ഷിച്ചിട്ടുണ്ടോ ?<br>(a) Have you ever been convicted for any offense by a Court of Law ?<br><br>(ബി) ഉത്തരം 'ഉണ്ട്' എന്നാണെങ്കിൽ വിശദവിവരം നൽകുക<br>(b) If the answer is 'Yes' give details | ഉണ്ട്/ഇല്ല<br><br>Yes/No |
| 16. (എ) നിങ്ങൾക്കെതിരെ ഏതെങ്കിലും പോലീസ് സ്റ്റേഷനിൽ കേസ് നിലവിലുണ്ടോ ?<br>(a) Is there any case pending against you in any Police Station?<br><br>(ബി) ഉത്തരം 'ഉണ്ട്' എന്നാണെങ്കിൽ ക്രൈം നമ്പർ, പോലീസ് സ്റ്റേഷന്റെ പേര് മുതലായ വിവരങ്ങൾ നൽകുക<br><br>(b) If the answer in 'Yes give details like Crime No., name of Police Station etc. | ഉണ്ട്/ഇല്ല<br><br>Yes/No |
| 17. (എ) നിങ്ങൾക്കെതിരെ ഏതെങ്കിലും ക്രിമിനൽ കോടതിയിൽ കേസ് നിലവിലുണ്ടോ ?<br>(a) Is there any case pending against you in any Criminal Court? | ഉണ്ട്/ഇല്ല<br><br>Yes/No |

| | |
|---|---|
| (ബി) ഉത്തരം 'ഉണ്ട്' എന്നാണെങ്കിൽ കേസ് നമ്പർ, കോടതിയുടെ പേര് മുതലായ വിവരങ്ങൾ നൽകുക<br>(b) If the answer is 'Yes' give details like Case No., name of Court etc. | |
| 18. (എ) നിയമനം ലഭിച്ച കോളേജിന്റെ പേര്<br>(a) Name of the authority that made the advice<br><br>(ബി) നിയമന ഉത്തരവിന്റെ നമ്പറും തീയതിയും<br>(b) Number and date of the appointment order | |
| 19. (എ) നിയമന അധികാരിയുടെ പേരും വിലാസവും | |

## സത്യപ്രസ്താവന

DECLARATION

മുകളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളെല്ലാം സത്യവും പൂർണ്ണവുമാണെന്നും പ്രൈവറ്റ് എയ്ഡഡ് കോളേജുകളിൽ പ്രവേശിക്കുന്നതിന് തടസ്സമായ എന്തെങ്കിലും അയോഗ്യത എനിക്കുള്ളതായി അറിയില്ല എന്ന് ഞാൻ ഇതിനാൽ സത്യപ്രസ്താവന നടത്തുന്നു.

I hereby declare that the foregoing information is true and complete and that I am not aware of any facts that may disqualify me from centering into the service in Private Aided Institutions.

സ്ഥലം
Place

തീയതി
Date

ഉദ്യോഗാർത്ഥിയുടെ ഒപ്പ്
Signature of the Candidate

സാക്ഷ്യപത്ര ഫോറം എന്റെ മുമ്പാകെയാണ് ഉദ്യോഗാർത്ഥി പൂരിപ്പിച്ചതെന്നും സാക്ഷ്യപത്ര ഫോറത്തിലെ എല്ലാ ചോദ്യങ്ങൾക്കും മറുപടി രേഖപ്പെടുത്തിയതായി പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നും സാക്ഷ്യപ്പെടുത്തുന്നു.

Certified that the attestation form has been filled up by the candidate before me and that it has been verified and found that the candidate has answered all questions in the attestation form.

സ്ഥലം:
Place

നിയമന അധികാരിയുടെ അല്ലെങ്കിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ ഒപ്പും പേരും ഉദ്യോഗപ്പേരും

തീയതി :
Date :

Signature, Name and Designation of the Appointing authority/Competent Officer

(ഓഫീസ് ഉപയോഗത്തിന്)

(For Office use)

അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് (ഹെഡ് കോൺസ്റ്റബിളിൽ താഴെയല്ലാതെ)
Report of the Verifying Officer (Not below the rank of Head Constable) )

സ്ഥലം :
Place :

തീയതി:
Date :

അന്വേഷണ ഉദ്യോഗസ്ഥന്റെ ഒപ്പ്, പേര്, ഉദ്യോഗപ്പേര്
Signature, Name and Designation of the Verifying Officer

ANNEXURE II

FORM II

**(Covering letter for attestation form)**

To

Sub: Verification of character and antecedents of candidates for the post of

Sir,

I am directed to say that Shri/Smt.................................................................................................................. whose particulars are entered in the enclosed attestation form is a candidate for the post of .................................. ....................................................................... His/Her date of birth is ......................................................He/She has been advise for the post by ........................................................................................... to enable this Department/Office determine the suitability of the candidate for Government Service, I am to request you kindly to certify on the basis of the information available in your records whether he/she has come to adverse notice or not and whether there are any facts about him/her which would render him/her unsuitable employment under Government. It may be specifically indicated whether or not the candidate is suitable for Government Service and if he/she is considered unsuitable, a brief statement of the grounds for the opinion expressed may be added. If the report is adverse to the candidate, it may be sent to the Secretary to Government of Kerala, Higher Education Department, Thiruvananthapuram through the Additional Director General of Police (Intelligence) Thiruvananthapuram and not to this office.

Yours faithfully